**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1841**
**16.02.2016 ലെ മറുപടിക്ക്**
**ദേശീയ സമ്പാദ്യ പദ്ധതി**

| ചോദ്യം.<br>ശ്രീ. എം. ചന്ദ്രൻ | | ഉത്തരം.<br>ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യ മന്ത്രി) |
|---|---|---|
| (എ) | ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായ മഹിളാ പ്രധാൻ ഏജന്റുമാർക്ക് 2015-16 വർഷത്തെ ലക്ഷ്യം നിശ്ചയിച്ച നൽകിയിട്ടുണ്ടോ ; | ഇല്ല |
| (ബി) | ഈ സാമ്പത്തിക വർഷം നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചു ; | ഈ സാമ്പത്തിക വർഷം 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നു. 31/12/2015 വരെ 903 കോടി രൂപ ഈ ഇനത്തിൽ സമാഹരിക്കുവാൻ സാധിച്ചു. |
| (സി) | മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഈ ജോലിക്കു പുറമെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, വൈദ്യുതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അധിക ജോലി നൽകിയിട്ടുണ്ടോ; ഇതിനു പ്രത്യേക വേതനം നൽകുന്നുണ്ടോ ; | ഉണ്ട് .<br>ഇതിന് പ്രത്യേകം വേതനം നൽകുന്നുണ്ട്. |
| (ഡി) | ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1000/- കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജില്ലാകളക്ടർമാർ അവർക്ക് നൽകിയിരിക്കുന്ന നിക്ഷേപ ലക്ഷ്യം ജില്ലാ തല ഉദ്യോഗസ്ഥർക്ക് വിഭജിച്ചു |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതു മേഖലാ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ 31/03/2016 നകം നിക്ഷേപക ലക്ഷ്യം കൈവരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് നിക്ഷേപ ലക്ഷ്യം കൈവരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം ജില്ലാ കളക്ടർമാർ വിളിച്ചു ചേർക്കാറുണ്ട്. ജില്ല തോറും നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എസ്.എ.എസ്/എം.പി.കെ.ബി.വൈ ഏജന്റുമാരുടെ അവലോകന യോഗം ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ജില്ലാ ഓഫീസർമാരുടെ മാസം തോറുമുള്ള അവലോകന യോഗം ഡയറക്ടറും നടത്തിവരുന്നു. സ്കൂൾ സഞ്ചയികാ സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്റർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**